## ജി.ഒ.എച്ച്.എസ്.എടത്തനാട്ടുകര



# പറവകൾ

## ലിറ്റിൽ കൈറ്റ്സ്

## ഡിജിറ്റൽ മാഗസിൻ

# ജി ഒ എച്ച് എസ് എടത്തനാട്ടുകര

## ഫോൺ: 04924 266371



ഒരു പ്രദേശത്തിന്റെ ചരിത്രമാകെത്തന്നെ തീർത്തും തുടച്ചുകളയാനോ,
ഭാഗികമായി ഇല്ലായ്മ ചെയ്യാനോ കാലത്തിനു മാത്രമേ കഴിയൂ..
കാലം ഈ പ്രദേശത്തിന്റെ ചരിത്രം തന്നെ മാറ്റിമറിക്കുന്നതിന്
എടത്തനാട്ടുകരയുടെ തിരുനെറ്റിയിൽ ചാർത്തിത്തന്ന ഒരു തിലകക്കുറിയാണ്
എടത്തനാട്ടുകര ഓറിയന്റൽ ഹയർ സെക്കന്ററി സ്കൂൾ.
ഒരു പ്രദേശത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ വളർച്ചയിൽ
വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യമുണ്ട്.
1957–ൽ സ്ഥാപിതമായ
എടത്തനാട്ടുകര ഓറിയെന്റൽ ഹയർ സെക്കന്ററി സ്കൂൾ
പടിപടിയായി ഉയർന്ന് വന്ന് ഇന്നീ നിലയിൽ എത്തിച്ചേർന്നു.

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ



ആദിത്യ.സി

## സബ് എഡിറ്റേർസ്



അബിൻ സെറി, ശയന, ആദിത്യ, അശ്വതി,
അബന, ഗോപിക, അർച്ചന, അഞ്ജന

## ക്യാമറ



ഫിദ

## പേജ് ഡിസൈനിംഗ്

സ്നേഹ
അളഗ
വിസ്മയ
നവ്യ കൃഷ്ണ



## സഹായികൾ

അഫ്നാൻ
വിജിലേഷ്
യദുകൃഷ്ണൻ

## സാങ്കേതിക സഹായം

വിമൽ.സി.ജി (SITC)



**കൈറ്റ് മാസ്റ്റർ**
റഫീക്ക് (HSA English)



**കൈറ്റ് മിസ്ട്രസ്സ്**
സുനിത.എ (HSA Nat.Science)



**കൈറ്റ് ലീഡർ**
അശ്വതി.പി.വി



**അസിസ്റ്റന്റ് ലീഡർ**
കൃഷ്ണജ.പി

## ലിറ്റിൽ കൈറ്റ്സ് 2018-19 യൂണിറ്റ് ഹെഡ്മാസ്റ്ററോടൊപ്പം



# സ്കൂൾ അസംബ്ലി





# ആമുഖം

സസ്നേഹം
സാദരം
സമർപ്പണം

## സമർപ്പണം

പിന്നിട്ട പഠനത്തിന്റെ വഴികളിൽ നിന്നും തികച്ചും പുതിയ ഒരുപാതയിലൂടെ നടന്നു നീങ്ങിയ അനുഭവം പാഠ്യ വിഷയങ്ങളുടെ ക്ലാസ്സുകൾക്കും പുതിയ അനുഭവം

2018 അധ്യയന വർഷത്തിൽകുട്ടികളെ സാങ്കേതിക വിദ്യയോട് കൂടുതൽ അടുപ്പിക്കാൻ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. എടത്തനാട്ടുകര ഗ.വ ഓറിയന്റൽ ഹയർ സെക്കൻഡറി സ്കൂളിൽ 40 കുട്ടികൾ അടങ്ങുന്ന ഈ യൂണിറ്റ് എല്ലാ അംഗങ്ങൾക്കും പരിശീലന കാലയളവിൽ വൈവിധ്യമാർന്ന പരിശീലനപ്രവർത്തനങ്ങൾ സമ്മാനിക്കുന്നു. ഗ്രാഫിക്സ്, അനിമേഷൻ, സ്ക്രാച്ച് ,പൈത്തൺ പ്രോഗ്രാമിങ്ങ്, മൊബൈൽ ആപ്പ് നിർമ്മാണം,ഇലക്ട്രോണിക്ക്സ്, മലയാളം കംപ്യൂട്ടിങ്ങ്, ഡെസ്ക്ടോപ്പ് പബ്ലിഷിങ്, സൈബർ സുരക്ഷ, എന്നിങ്ങനെ വിവിധ മേഖലകളിൽ തിളങ്ങി നിൽക്കാൻ ലിറ്റിൽ കൈറ്റ്സിന് സാധിച്ചു. സാങ്കേതികവിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ വാർത്തെടുക്കുവാൻ ഈ പദ്ധതിക്ക് കഴിഞ്ഞു.

ചാന്ദ്രദിനത്തോട് അനുബന്ധിച്ച് കുട്ടികൾക്ക് ചന്ദ്രഗ്രഹണം സ്റ്റെല്ലേറിയം സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തി കാണിച്ചു കൊടുത്തു.

ഓരോ ക്ലാസിലെയും ലാപ്ടോപുകൾ പ്രവർത്തിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്തു പോരുന്നു.

റാസ്പ്ബെറി പൈ പോലുള്ള ആധുനിക ഉപകരണങ്ങളെ കുറിച്ച് പഠിച്ച് അത് മറ്റുള്ളവർക്ക് പരിചയപ്പെടുത്തി കൊടുത്തു.

ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തയ്യാറാക്കിയ ഇ.മാഗസിൻ ഞങ്ങളുടെ ആദ്യത്തെ ചുവടുവെപ്പ് ആയതിനാൽ ഒത്തിരി അപാകതകളും പരിമിതികളും സംഭവിച്ചിട്ടുണ്ടാകാം. എല്ലാവരുടെയും നിർദ്ദേശങ്ങളും ആശിർവാദങ്ങളും പ്രതീക്ഷിച്ചു കൊണ്ട് സാദരപൂർവ്വം സമർപ്പിക്കുന്നു.

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
ജി.ഒ.എച്ച്.എസ്.എടത്തനാട്ടുകര

# ആശംസ



**ശ്രീ.അബ്ദുന്നാസർ എൻ (ഹെഡ്മാസ്റ്റർ)**

വിദ്യാലയത്തിലെ ഐടി കൂട്ടായ്മയായ
ലിറ്റിൽ കൈറ്റ്സിലെ കുട്ടികളുടെ ഭാവനാ സൃഷ്ടികൾ
വിദൂരതയിലും വിസ്മൃതിയിലും അകപ്പെടാതെ
പേനത്തുമ്പിലൂടെ അനർഗളമായി ഒഴുകിച്ചേരുന്ന
ഓമനത്തമുള്ള രചനകൾ
എല്ലാവിധ ആശംസകളും നേരുന്നു.

# ആശംസ



പൊതുവിദ്യാലയങ്ങളെ നവീകരിക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ നവകേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കർമ്മ പരിപാടിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനോടനുബന്ധിച്ച് 55 ക്ലാസ്സ് മുറികൾ ഹൈ–ടെക്ക് ആക്കുകയും അവയുടെ സംരക്ഷണത്തിനായി കുട്ടികളുടെ ഐ.ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് രൂപീകരിക്കുകയും ചെയ്തു. ലിറ്റിൽ കൈറ്റ്സ് തയ്യാറാക്കുന്ന പറവകൾ എന്ന ഇ.മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

എന്ന്,

**ശ്രീ മുത്തലിഫ് (പ്രിൻസിപ്പൽ)**

# ആശംസ



**ഇക്ബാൽ.എം.കെ(മുൻ കൈറ്റ് മാസ്റ്റർ)**

ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ഭാഗമായി പുറത്തിറക്കുന്ന
**"പറവകൾ"** ഡിജിറ്റൽ മാഗസിനു
എല്ലാവിധ ആശംസകളും അറിയിക്കുന്നു.
വിവരസാങ്കേതിക രംഗത്തെ കൂടുതൽ അറിവുകൾ
കുട്ടികൾക്കും പൊതുസമൂഹത്തിനും ഗുണകരമാക്കുവാൻ
ഇത്തരം പ്രവർത്തനങ്ങൾക്ക് കഴിയട്ടെ
എന്ന് ആശംസിക്കുന്നു.

# ആശംസ



**വി.മുഹമ്മദ്**

കേരള സർക്കാറിന്റെ ഹൈ–ടെക്ക് പദ്ധതിയുടെ
ഭാഗമായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പുറത്തിറക്കുന്ന
പറവകൾ എന്ന ഇ.മാഗസിന് എല്ലാവിധ
ഭാവുകങ്ങളും നേരുന്നു.

എന്ന്,

**സ്റ്റാഫ് സെക്രട്ടറി**

# ആശംസ

60–കൾ പിന്നിട്ട ഈ സരസ്വതി ക്ഷേത്രം ഇന്നലെകളിൽ ഈ നാട്ടിലെ സുമനസ്സുകൾ വിഭവങ്ങൾ നൽകി ഉയർത്തിയെങ്കിൽ അവരുടെ പിൻമുറക്കാർ കാലഘട്ടത്തിന്റെ അനിവാര്യതക്ക് അനുസരിച്ച് ഈ സ്ഥാപനത്തെ മാറ്റി എടുക്കാൻ കൈ മെയ് മറന്ന് സഹായിച്ചിരുന്നു. കേരളസർക്കാറിന്റെ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്ക്കൂളിനെ ഹൈ–ടെക്ക് എന്ന സ്വപ്നവുമായി സമീപിച്ചപ്പോൾ പാറോക്കോട്ട് ഖദീജ ഹജ്ജുമ്മ അവരുടെ ഭർത്താവിന്റെ പേരിലും സ്വന്തം പേരിലും രണ്ട്റൂമുകൾ സ്പോൺസർ ചെയ്ത് തുടങ്ങിയ പ്രവർത്തനം ഒരു കൊടുങ്കാറ്റായി വീശുകയായിരുന്നു. ഇന്നത് 55 റൂമുകളായി .ഇവയെ സംരക്ഷിക്കാനായി സർക്കാർ രൂപീകരിച്ച ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങൾ തയ്യാറാക്കിയ പറവകൾ എന്ന ഇ.മാഗസിന് ഉയരത്തിൽ പറക്കാൻ സാധിക്കട്ടെ.

അഭിനന്ദനങ്ങളോടെ,



**ഒ.ഫിറോസ് (പി.ടി.എ. പ്രസിഡന്റ്)**

# ആശംസ

കാലത്തിനു മായ്ക്കാൻ കഴിയാത്ത
കരവിരുതിന്റെ കൈയ്യൊപ്പു ചാർത്തുന്ന സൃഷ്ടികൾ
ഹൃദയത്തിനു കുളിർമയേകട്ടെ......
വരകൾക്കും വർണ്ണനകൾക്കുമപ്പുറം
ചിന്തയുടെ ,ആർദ്രതയുടെ,
സ്വാന്തനത്തിന്റെ സ്നേഹസ്പർശനങ്ങൾ പോലെ..
കഴിവുകളെ അവഗണിക്കാതെ തന്നെ
അവ കുളിർ നിലാവായി പരന്നൊഴുകട്ടെ.!
വരികൾക്കിടയിലൂടെയുള്ള വായന
അനുഭവങ്ങൾക്ക് അർഥ ശങ്കയ്ക്കിടയില്ലാത്ത വിധം
പറവകൾ പാറി പറക്കട്ടെ .....

**ചീഫ് എഡിറ്റർ**



**ആദിത്യ.സി**

**(9C)**

# മികവുകൾ

- 55 ഹൈടെക്ക് ക്ലാസ്സ് മുറികൾ സംസ്ഥാനത്തിൽ ഒന്നാമത്.
- ഇക്കഴിഞ്ഞ SSLC, Plus 2 പരീക്ഷയിൽ 37 full A+ വിജയികൾ
- സംസ്ഥാന ശരാശരിയേക്കാൽ ഉയർന്ന വിജയ ശതമാനം
- ഏറ്റവും മികച്ച PTA ക്കുള്ള സംസ്ഥാന അവാർഡ് [5 ലക്ഷം രൂപ]
- സ്കൂൾ കലോൽസവം ഹൈസ്ക്കൂൾ അറബിക് വിഭാഗത്തിൽ സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം.
- സംസ്ഥാന തല ശാസ്ത്ര പരിചയ മേളയിൽ 4 വിഭാഗങ്ങളിൽ തുടർച്ചയായി ഒന്നാം സ്ഥാനം
- ദേശിയ സംസ്ഥാന തല ഫുട്ബോൾ മത്സര വിജയികൾ
- സംസ്ഥാന സ്ക്കൂൾ കലോത്സവത്തിൽ കുച്ചുപ്പുടി,ഭരതനാട്യം , മിമിക്രി , മോണോആക്ട് എന്നിവയിൽ ഒന്നാം സ്ഥാനം
- വി പി സുഹൈർ ,മുഹമ്മദ് പാറക്കോട്ടിൽ തുടങ്ങിയ സന്തോഷ് ട്രോഫി താരങ്ങളെ വാർത്തെടുത്ത വിദ്യാലയം
- രാഷ്ട്രപതി പുരസ്കാർ,രാജ്യപുരസ്കാർ തുടങ്ങിയവ നേടിയ അനേകം വിദ്യാർഥികൾ
- NMMS സ്കോളർഷിപ്പ് വിജയികളുടെ എണ്ണത്തിൽ ജില്ലയിൽ തുടർച്ചയായി ഒന്നാം സ്ഥാനം
- റെഡ് ക്രോസ്സ് എ ലെവൽ പരീക്ഷയിൽ വിജയം നേടിയ 200 ഇൽ പരം വിദ്യാർഥികൾ
- USS പരീക്ഷയിൽ തിളക്കമാർന്ന വിജയങ്ങൾ
- സ്കൗട്ട് ആൻഡ് ഗൈഡ്സ് ഹയർ സെക്കൻഡറി വിഭാഗത്തിന് ചീഫ് മിനിസ്റ്റേഴ്സ് ഷീൽഡ്
- സാമൂഹ്യ സേവന രംഗത്ത് മികച്ച മാതൃകയായി സ്ക്കൂൾ NSS യൂണിറ്റ്
- സംസ്ഥാന സർക്കാരിന്റെ സ്നേഹപൂർവ്വം പദ്ധതിയിൽ ശരാശരി 4 ലക്ഷം രൂപയുടെ സ്കോളർഷിപ് വർഷം തോറും ലഭിക്കുന്നു
- സ്കൂളിന്റെ തനതു പരിപാടിയായ സ്നേഹപൂർവ്വം പദ്ധതിയിലൂടെ ഇതുവരെ 7 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം നൽകി
- മികച്ച IT ,ശാസ്ത്ര ലാബുകൾ
- വായന പരിപോഷണത്തിനായി മികച്ച ലൈബ്രറി സൗകര്യം
- ജില്ലയിലെ ഏറ്റവും മികച്ച IED റിസോഴ്സ് റൂം
- മികച്ച സ്പോർട്സ് ഗ്രൗണ്ട്
- സ്കോളർഷിപ്പുകൾക്കായി പ്രത്യേക സെല്ലുകളും പരിശീലന പദ്ധതികളും
- IT രംഗത്തെ മികച്ച കുട്ടികളെ കണ്ടെത്തുവാനുള്ള LITTLE KITES പദ്ധതി
- ജൈവവൈവിധ്യ പാർക്ക് ആൻഡ് മെഡിസിനൽ ഗാർഡൻ
- പ്രകൃതി സംരക്ഷണ സന്ദേശ പ്രചാരണത്തിനായി സഹ്യാദ്രി പരിസ്ഥിതി ക്ലബ്
- ജില്ലയിൽ ആദ്യമായി ഭിന്നശേഷി വിദ്യാർത്ഥികളുടെ സംഗമം നടത്തി മാതൃകയായി
- MTSE പരീക്ഷയിൽ സംസ്ഥാന തല വിജയികൾ
- കൗമാരക്കാരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന സൗഹൃദ ക്ലബ്
- വിദ്യാരംഗം കലാസാഹിത്യ വേദിയുടെ കീഴിൽ തിളക്കമാർന്ന വിജയങ്ങൾ
- കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഉച്ചഭക്ഷണ വിതരണം
- സുശക്തമായ PTA ,MPTA & SMC
- പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന വിവിധ വിഷയങ്ങളുടെ

ക്ലബ്ബുകൾ

- മികച്ച പ്രവർത്തനം കാഴ്ച വെക്കുന്ന ലഹരി വിരുദ്ധ ക്ലബ്
- വിദ്യാലയ സുരക്ഷക്കായ് CCTV സംവിധാനം
- യുവജന ക്ലബ്ബുകളുടെ ശക്തമായ ഇടപെടലും ധനസഹായങ്ങളും
- പൊതു സമൂഹത്തിന്റെ ശ്രദ്ധയും പരിരക്ഷയും
- സ്കൂളിന് മുൻവശത്തായി ശലഭോദ്യാനം
- ചിട്ടയായ കായിക പരിശീലനം
- ഫുട്ബോൾ പ്രതിഭകളെ വാർത്തെടുക്കാനുള്ള ഗോകുലം FC യുടെ പരിശീലന കേന്ദ്രം
- പെൺകുട്ടികളുടെ ഫുട്ബോൾ ടീം
- പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വിവിധ ഭാഗങ്ങളിലായി പഠന വീടുകൾ

# സ്വപ്ന പദ്ധതികൾ

- ആധുനിക സജ്ജീകരണങ്ങളോടെ ഉള്ള  ഓപ്പൺ ഓഡിറ്റോറിയവും സ്റ്റേജും.
- മൂവായിരം പേർക്ക് ഒത്തുകൂടാൻ    കഴിയുന്ന അസംബ്ലി ഹാൾ.
- ടൈൽ പാകിയ സ്കൂൾ മുറ്റം.
- അത്യാധുനിക സംവിധാനങ്ങളോട് കൂടിയുള്ള 400 മീറ്റർ സിന്തറ്റിക് ട്രാക്ക്.
- സ്പോർട്സ് കോംപ്ലക്സ്,മൾട്ടി ജിംനേഷ്യം.
- സ്കൂളിനാവശ്യമായ സോളാർ വൈദ്യുതി ഉത്പാദനം.
- ശുദ്ധ ജല സംവിധാനം സുലഭമായി ഓരോ ക്ലാസ്സിലും ലഭ്യമാക്കൽ.
- യാത്രാക്ലേശപരിഹാരത്തിനായി സ്കൂൾ ബസ്സുകളുടെ സൗകര്യം.
- സിവിൽ സർവീസ് ഉൾപ്പടെയുള്ള പരീക്ഷകൾക്ക് പരിശീലനവും ഗൈഡൻസും.
- അത്യന്താധുനിക മാലിന്യ സംസ്കരണ പ്ലാന്റ്.
- NCC,SPC യൂണിറ്റുകൾ.
- മഴവെള്ള സംഭരണി.
- ക്രിയേറ്റീവ് ആർട്ട്&ക്രാഫ്റ്റ് റൂമുകൾ.
- ആധുനിക സജ്ജീകരണങ്ങളോട് കൂടിയ വിവിധ ഭാഷ ലാബുകൾ.
- ഗണിത പഠനം രസകരമാക്കാൻ ഗണിത ലാബ്.
- മികച്ച സൗകര്യങ്ങളോടുകൂടിയ വിശ്രമ മുറി.

# ഫുട്ബോളിന്റെ ഈറ്റില്ലമായി ജി.ഒ.എച്ച്.എസ്

ദേശീയ തലത്തിൽ തന്നെ എടത്തനാട്ടുകരയുടെ ഫുട്ബോൾപെരുമയ്ക്ക് കാരണമായ ഈ വിദ്യാലയം എണ്ണമറ്റ താരങ്ങളെയാണ് വാർത്തഎടുത്തിട്ടുള്ളത്.സന്തോഷ് ട്രോഫി താരങ്ങളായ വി.പി സുഹൈർ, മുഹമ്മദ് പാറോക്കോട്ടിൽ,വളർന്നുവരുന്ന തലമുറയിലെ പ്രതിഭകൾ എല്ലാവരും ഈ വിദ്യാലയത്തെ നെഞ്ചേറ്റിയവരാണ്.ഗോകുലം ഫുട്ബോൾ ക്ലബ്ബിന്റെ പരിശീലനത്തിനായി നമ്മുടെ സ്ക്കൂളിനെ തിരെഞ്ഞെടുത്തിട്ടുണ്ട്. കെ രാജഗോപാലൻ മാസ്റ്റർ കായിക വിഭാഗത്തിന്റെ പ്രവർത്തനത്തിന് നേതൃത്വംനൽകുന്നു.



# അനാഥാലയം

പുല്ലാനിക്കുന്ന് എന്ന ഭംഗിയാർന്ന നാട്. ഇവിടെയാണ് നന്ദുവും കുടുംബവും താമസിക്കുന്നത്. നന്ദുവിന് മൂന്നു വയസാണ് പ്രായം.അവന് അവന്റെ അച്ഛനെയും അമ്മയെയും നല്ല ഇഷ്ടമാണ്.നന്ദുവിന് ചെറിയൊരു കേൾവിക്കുറവുണ്ട്. ആ അച്ഛനും അമ്മയ്ക്കും നന്ദു ഉണ്ടായ ഉടനെ തന്നെ ഇത് അറയില്ലായിരുന്നു പിന്നീട് അയൽവാസികളും കുടുംബക്കാരുമെല്ലാം അവനെ കളിപ്പിക്കുമായിരന്നു. അപ്പോൾ പുറകിൽ നിന്നും അവനെ അടുത്തേക്ക് വിളിക്കുമ്പോൾ അവൻ തിരിഞ്ഞു നോക്കുകയോ വിളി കേൾക്കുകയോ ചെയ്തിരുന്നില്ല.പക്ഷേ അപ്പോഴൊന്നും അവർക്ക് അറിയില്ലായിരുന്നു അവന് കേൾവി ശക്തി കുറവാണെന്ന് പിന്നീട് പതുക്കെ പതുക്കെ അവന്റെ അച്ഛനും അമ്മയ്ക്കും കാര്യങ്ങൾ മനസിലാകാൻ തുടങ്ങി. അങ്ങനെ അച്ഛനും അമ്മയും കൂടി അവനെ അനാഥാലയത്തിൽ കൊണ്ടു വിടാം എന്ന് തീരുമാനിച്ചു. അവൻ അച്ചനെയും അമ്മയെയും അനുസരിക്കുന്നതിനാൽ അവനോട് അവന്റെ അച്ഛനും അമ്മയും പറഞ്ഞു അവനെ വിരുന്നു കൊണ്ടു പോകാമെന്ന്. അവൻ അത് സമ്മതിക്കുകയും ചെയ്തു.അമ്മ അവന്റെ വസ്ത്രങ്ങളും സാധനങ്ങളും ഒരു ബാഗിലാക്കി. അച്ഛനും അമ്മയും അവനും കൂടി കാറിൽ പട്ടണത്തിലൂടെ പോയി ഒരു ചെറിയ അനാഥാലയത്തിൽ എത്തി. "സ്നേഹ ചിത്രം എന്ന പേരിലറിയപ്പെട്ടിരുന്ന ഒരു അനാഥാലയം."നന്ദു ഇത്കണ്ടയുടനെ തന്നെ അമ്മയോട് ചോദിച്ചു:ഇത് ആരുടെ വീടാണമ്മേ?പറയാം അവർ മൂന്നു പേരും അവിടെ രജിസ്റ്റർ ചെയ്തു.അവനെ കുറിച്ചുള്ള എല്ലാ കാര്യങ്ങളും പറഞ്ഞുകൊടുത്തശേഷം അവനെ മറ്റു കുട്ടികളോടൊപ്പം കളിക്കാൻ വിട്ട് അവർ അവിടെ നിന്നും മടങ്ങി. കളി കഴിഞ്ഞ് അവൻ അച്ഛനെയും അമ്മയെയും തിരഞ്ഞ് അതിലൂടെ നടക്കുകയായിരുന്നു.മദർ അവനെ വിളിച്ച് കാര്യങ്ങളെല്ലാം ചെറുതായി പറഞ്ഞു കൊടുക്കുകയും അവന് അവന്റെ മുറി കാണിച്ചുകൊടുക്കുകയും ചെയ്തു. മുറിയിലെ മറ്റുകുട്ടികളോടെല്ലാം അവൻ വിവരങ്ങൾ ചോദിക്കുകയും ചെയ്തു. അവരെല്ലാംതന്നെ ഇതുപോലെയുള്ള പ്രശ്നങ്ങളാണ്പറഞ്ഞത്.രാത്രി ഉറങ്ങാൻ ക്കിടന്നപ്പോൾ അവൻ ഓരോന്നും ആലോചിച്ചു.അതിനിടയിൽ രണ്ടു തുള്ളി കണ്ണുനീർ ഇറ്റുവീണു.

**അനീന.എം**

# അറിവില്ലായിരുന്നു അതിനെപറ്റി

ഒരിക്കലും പ്രതീക്ഷിക്കാത്ത ദിവസങ്ങളായിരുന്നു അത്. കുറേയേറെ മനുഷ്യൻ കണ്ണീരിലേത്തിയ നാളുകൾ ഒരിക്കലും തളരില്ല എന്നു കരുതിയ ആളുകൾ പോലും തളർന്നു. ചിലർക്ക് വീടും സ്ഥലവും നഷ്ടപ്പെട്ടു. ഒരു ദിവസം കൂടി മഴ തുടർന്നെങ്കിൽ ചിലപ്പോൾ നമുക്കുപോലും ഇതു വരാം. ഒരു ദിവസം കൊണ്ട് നമ്മൾക്കും ഇതു നഷ്ടപ്പെടും. ഒരിടത്ത് ഒരു കുടുംബം തന്നെ നഷ്ടപ്പെട്ടു അവിടെ അവശേഷിക്കുന്നത് അവരുടെ ഓർമ്മകൾ മാത്രം. ഇങ്ങനെ ഒരു ദുരന്തം ആ മരിച്ചവരുടെ വീട്ടിൽ വരുമെന്ന് അവരുടെ വളർത്തു നായയ്ക്ക് അറിയാമായിരുന്നു.ആ നായ ദിവസങ്ങൾക്കു മുൻമ്പ് അവിടെ നിന്ന് ഓടി പോയി.പിന്നെ അവരുടെ മൃതദേഹങ്ങൾ പോലും അവരുടെ വളർത്തുനായയാണ് കണ്ടുപിടിച്ചത്. അവരുടെ അപ്പുറത്തും ഇപ്പുറത്തുമുള്ള എല്ലാ മനുഷ്യരും വീടുവിട്ടുപോയി. അവരാണെങ്കിൽ പോകാൻ കൂട്ടാക്കിയില്ല.അവരുടെ വിധി അല്ലാതെ എന്തു പറയാൻ. അവരുടെ വീട്ടിൽ വിരുന്നു വന്ന കുട്ടി പോലും നഷ്ടപ്പെട്ടു. അവളുടെ ബാല്യം കഴിഞ്ഞിട്ടില്ല. അവൾ രണ്ടാം ക്ലാസിലാണു പഠിച്ചിരുന്നത്. അവൾ ഒരു മിടുക്കി കുട്ടിയായിരുന്നു. അവളുടെ ആ സ്കൂളിലെ എല്ലാ അധ്യാപകർക്കും വേണ്ടപ്പെട്ട കുട്ടിയായിരുന്നു അവൾ. ആകുട്ടിക്ക് ഇനിയും എന്തെല്ലാം ആഗ്രഹങ്ങൾ ഉണ്ടായിരുന്നിക്കാം. അവിടെ നടന്നത് ഒരു വലിയ ദുരന്തം തന്നെയാണ്. ഉരുൾപ്പൊട്ടി അവരുടെ വീടുകൾ തകർന്നു. അവർ മരിച്ചു. ആ പിഞ്ചു കുഞ്ഞ് മുറ്റത്ത് കളിക്കുകയായിരുന്നു. അവൾ അതിനു മുൻമ്പ് സ്ക്കൂളിലും മറ്റു സ്ഥലങ്ങളിലുമായിരുന്നു. അവർ പിന്നെ വീട്ടിലേക്ക് തന്നെ മടങ്ങി. അവൾ ആ സ്കൂളിൽ ആവുമ്പോൾ ആ കുഞ്ഞിന്റെ സ്കൂളിലെ അധ്യാപകർ വന്നു. അവരുടെ അടുത്തേക്ക് പോയപ്പോൾ അവൾ പറഞ്ഞു. സാറേ എന്റെ അടുത്ത് വരരുത്. എന്നെ നല്ല മണം ഉണ്ടാകും. സാർ സങ്കടത്തോടെ കുട്ടിയോടു ചോദിച്ചു. മോളെ എന്താണു കുട്ടിക്കു വേണ്ടത്? എനിക്ക് ധരിക്കാൻ ഒരു വസ്ത്രം തരാമോ സാർ .സാർ പോയി പിന്നെ വന്നപ്പോൾ കണ്ടത് കുഞ്ഞിന്റെ മൃതദേഹം ആയിരുന്നു. അവർ ഒരിക്കലും കരുതിയില്ല ഒക്കെ സംഭവിക്കുമെന്ന് ആ കുഞ്ഞിന്റെ അച്ഛനും അമ്മയും നാട്ടുകാരും എല്ലാം തളർന്നു പോയി. ആ കുഞ്ഞ് ഒരു നിഷ്കളങ്കയായിരുന്നുവെന്ന് കരുതിയില്ല. അതിനെ പറ്റി ആ കുഞ്ഞിന്റെ മാതാപിതാക്കൾ ഒരിക്കലും എന്നാൽ ആകുഞ്ഞിനെ അവരുടെ അടുത്തേക്ക് അയയ്ക്കില്ലായിരുന്നു. അവരുടെ അമ്മയും അച്ഛനും കുഞ്ഞിനെയും അവരുടെ വീട്ടിലേക്ക് കൊണ്ടു പോയി .

**(കേരള ജനതയെ നടുക്കിയ പ്രളയം)**

# ഈറനണിഞ്ഞ തെന്നൽ

ആ കൊച്ചുപൂവ് തനിക്ക് ചുറ്റുമുള്ള എല്ലാത്തിനെയും നോക്കി പുഞ്ചിരിച്ചുകൊണ്ടിരുന്നു.അവളിങ്ങനെ ചിന്തിച്ചു, തന്റെ മൃദുലമായഇതളുകളിൽ പ്രസാദാത്മകത തുളുമ്പുന്നു.വാടി വീഴും വരെഏവർക്കും പുഞ്ചിരി സമ്മാനിക്കാനായിഒരു ജന്മം. പെട്ടെന്ന് ഒരു മഞ്ഞുതുള്ളി അവളുടെകവിളിൽ പതിച്ചു.ഇത് പ്രകൃതിയുടെ കണ്ണീർ ജലമാണ്.തന്റെ
സൗന്ദര്യം മായ്ച്ചുകളയാൻ ഇതു മതി.

അവൾ ,അലസമായി ഇലകളുടെ മർമ്മരം ശ്രവിച്ചു കൊണ്ടിരുന്ന കുഞ്ഞിക്കാറ്റിനോട് തന്റെ കവിളിൽ പറ്റിപിടിച്ചിരുന്ന ജലകണത്തെ തട്ടികളയാൻ അപേക്ഷിച്ചു.കാറ്റ് അമ്പരന്നു,പൂവ് തുടർന്നു." ഇത് ആകാശത്തിന്റെ കണ്ണീരാണ്.ആരുടെയും കണ്ണീർജലം താങ്ങാൻ എനിക്കു വയ്യ.”കാറ്റ് ഒന്നാലോചിച്ച ശേഷം പറഞ്ഞു."കുഞ്ഞേ, ഇത്പ്രകൃതിയുടെ ആനന്ദകണ്ണീരാണ്.നീ വിരിഞ്ഞുകാണാൻ അമ്മ ഒത്തിരി കാത്തിരുന്നു.നീ വിടർന്നപ്പോൾ മേഘങ്ങളുടെ കൈക്കുമ്പിളിൽ അമ്മ സൂക്ഷിക്കാനേൽപ്പിച്ചജലകണം അവർ നിന്നിലേക്ക് പൊഴിച്ചു.ഇപ്പോഴിതാ,സൂര്യരശ്മികൾ അതിൽ വർണ്ണവിസ്മയം തീർക്കുന്നു.നിന്റെ സൗന്ദര്യം ഇരട്ടിയാക്കുന്നതാണ് അതിന്റെ ശോഭ".ആ പൂവ് വീണ്ടും പുഞ്ചിരിച്ചു.ഈ സൂര്യാസ്തമനത്തോടെ വിട പറയേണ്ട തന്നെ ഇത്ര മേൽ അലംകൃതയാക്കിയ ആ അമ്മയുടെ കാത്തിരിപ്പിനെ കുറിച്ചോർത്ത്.......



സ്നേഹ.യു

**ലിറ്റിൽ കൈറ്റ്സ് അംഗം**

# സ്വപ്നങ്ങൾവിൽക്കാനുണ്ട്

തിരക്കുപിടിച്ച നഗരവീഥിയിലൂടെ അയാൾ ഇത്തിരി വേഗത്തിൽ തന്നെ നടന്നു.നഗരത്തിന്റെ ഹൃദയഭാഗത്ത് തലയെടുപ്പോടെ നിൽക്കുന്ന ഷോപ്പിംഗ് മാളിലേക്ക്പതിയെ കയറി."എന്തുവേണം സർ"?അവൾ ചോദിച്ചു.ഓഫറുകൾ
ധാരാളമുണ്ട്.ഒന്നെടുത്താൽ മറ്റൊന്നു ഫ്രീ,മൂ–ന്നെണ്ണമെടുത്താൽ ഹോം ഡെലിവറിഓപ്ഷനുമുണ്ട് സർ"–അവളുടെ ഇംഗ്ലീഷുകലർന്നമലയാളകഷായം അയാൾക്ക്
നന്നേ രസിച്ചു.–"എക്സ്ചേഞ്ച് ഓഫർ ഒന്നുമില്ലേ"?അയാൾ ആരാഞ്ഞു–"ഓ തീർച്ചയായും സർ.എന്താണ് മാറ്റിയെടുക്കേണ്ടത്.ഏ–ത് ഓൾഡ് ഐറ്റംസും ഞങ്ങൾ സ്വീകരിക്കും. സർ, എക്സ്ചേഞ്ച് ഓഫറിലൂടെഎന്താണ് മാറ്റാൻ ആഗ്രഹിക്കുന്നത്?".

–'എനിക്ക് ചിലസ്വപ്നങ്ങൾ മാറ്റണമെന്നുണ്ട്"

–"ഓ ഷുവർ സർ,സെക്കന്റ് ഫ്ലോറിലെ ആദ്യ ഔട്ട് ലെറ്റിൽ താങ്കൾക്ക് അതിനുള്ള സൗകര്യമുണ്ട്.ചില ന്യൂജൻ സ്വപ്നങ്ങളുടെ പുതിയ കളക്ഷൻസ് ഇത്തവണ ഉണ്ട്.നമുക്ക് നോക്കാം". സ്വപ്നങ്ങൾ വിൽക്കുന്ന മാളിന്റെ ആകോണിൽ ഭയങ്കര തിരക്കായിരുന്നു.തന്നെപ്പോലെ തന്നെ അറുപതിന്റെയും എഴുപതിന്റെയും വക്കിലെത്തി നിൽക്കുന്നവർ തങ്ങൾക്കിണങ്ങിയ ന്യൂജൻ സ്വപ്നങ്ങൾ വാങ്ങുന്നത് അയാൾ അസ്ഡാളിപ്പോടെ നോക്കി നിന്നു. പെട്ടെന്ന് അയാൾക്ക് മുൻപിലേക്ക് അൽപം സ്വപ്നങ്ങൾ വാരിക്കൂട്ടി അവൾവന്നു.–"സർ ഏറ്റവും ഡിമാൻഡുള്ളന്യൂജൻ സ്വപ്നങ്ങളാണിവ.താങ്കളുടെ പ്രായത്തിലുള്ളവർ ഈ മോഡലാണ് ഓപ്റ്റ് ചെയ്യാറ്.....!"

–"റിട്ടയർമെന്റ് കഴിഞ്ഞ് മക്കൾക്കൊപ്പം കഴിയാമെന്നാണ്കരുതിയത്.പക്ഷേ..അവരുടെ പ്ലാനും പദ്ധതിയുമൊക്കെ
വേറെയാ... ങാ... അവർക്കും ഉണ്ടാവില്ലേ സ്വപ്നങ്ങള്... ഇനിയൊരു പ്രശ്നം വേണ്ടാന്ന് കര്തീട്ടാ ഒന്ന് വാങ്ങാന്ന് തീരുമാനിച്ചത്.ഇതിപ്പോ നമുക്ക് ചേരുംന്ന് തോന്നുന്നില്ല...."– ഏകദേശം എഴുപത്തിയഞ്ചിനടുത്ത് പ്രായംതോന്നിക്കുന്ന ഒരാൾ ആരൊടെന്നില്ലാതെ പറഞ്ഞു. അയാൾക്ക് ശ്വാസംമുട്ടുന്നതുപൊലെ തോന്നി.അതെ , പ്രശ്നങ്ങൾ വേണ്ട.....അവർക്കും സ്വപ്നങ്ങളുണ്ട്.അയാൾമനസ്സിൽ ആവർത്തിച്ചു പറഞ്ഞു.പിന്നെ തിടുക്കത്തിൽ ആദ്യം കണ്ട സ്വപ്നംതന്നെ എടുത്ത് ജീവിതത്തിലെ മുഴുവൻ സമ്പാദ്യവും കൊടുത്ത് അത് വാങ്ങി. ആ സ്വപ്നത്തിന് അയാളേക്കാൾ വലുപ്പവും ,അയാൾക്കു താങ്ങാൻ കഴിയുന്നതിലപ്പുറം ഭാരവും ഉണ്ടായിരുന്നു. തിടുക്കത്തിൽ തിരിച്ച് നടക്കുന്നതിനിടക്ക് സ്വപ്നത്തിൽ കാലുടക്കി അയാൾതലയടിച്ചു വീണു. വിലയേറിയ സ്വപ്നംവീണുടഞ്ഞു. ഉടഞ്ഞ കഷ്ണങ്ങളിലേക്ക് അയാൾ അല്പനേരം നോക്കിനിന്നു. പിന്നെ എന്തോ തീരുമാനിച്ചതു പോലെ തിരിഞ്ഞുനടന്നു.......

# പ്രകൃതി



മന്ദം മന്ദം മാരുതൻ തലോടലേറ്റ്
കളകള ശബ്ദമോടൊഴുകും
പ്രകൃതിതൻ അലങ്കാരമായി
നിശബ്ദതയോടൊഴുകുന്നവൾ...

എല്ലാം തന്റെ ശിരസ്സിലേന്തി
നിശ്ചലയായ് തൻ യാത്ര തുടരുന്നവൾ....
പച്ചത്തരുക്കൾക്ക് മോടി കൂട്ടി
സ്വച്ഛതയോടെ ഗമിക്കുന്നവൾ....
മർത്യൻ തൻ ഹൃത്തിനെ
ആനന്ദഭരിതമാക്കി
ചെറിയൊരു മന്ദഹാസവുമായ്
അവൾ തൻ സഞ്ചാരം തുടരുന്നു.....

കാലഗതികൾ വേഗം പോയ്മറയുമെങ്കിലും
അതൊന്നും തൻ ശ്രദ്ധായിൽപെടാത്ത
പോൽ സ്വച്ഛമായ് തൻ യാത്ര തുടരുന്നവൾ......

# ദൈവമായ്....എന്നമ്മ



കൃഷ്ണജ.പി

അമ്മിഞ്ഞപ്പാലിൽ തുടങ്ങി എൻ
സ്നേഹജന്മം...
എന്നമ്മ സുഹൃത്തായ് ദേവിയായ്
എന്നരികെ നിന്നു
നിധിയായ് നിലാവായ് ചന്ദ്രനായ്
സൂര്യനായ് എന്നെ പോറ്റി വളർത്തി...
എന്നാശകൾ തെറ്റാതെ
പിഴവുകൾ പിഴക്കാതെ
എന്നെ നോക്കിടുന്നു
എന്തിനും ഏതിനും
എൻ നിഴലായ് കൂടെ നിന്നു...
എന്റെ ശരീരം തളർന്നാൽ
ഉറക്കമൊഴിച്ച് വിളക്കിൻ
വെളിച്ചത്തിൽ എന്നെ
ആശ്വസിപ്പിക്കും....
ഞാൻ കരഞ്ഞാൽ എൻ കണ്ണീരൊപ്പാനും
ഞാൻ ജയിച്ചാൽ കവിളിൽ മുത്തമിടാനും
നീ അല്ലാതെ എനിക്കാരുണ്ട്,
എൻ ജനനം ലോകത്തിന്
വിജയമാണെന്ന് പറയുന്ന അമ്മ
നീയാണ് സ്നേഹം...
നീയാണ് നന്മ...
നീതന്നെ ജന്മം...
നീതന്നെ ദൈവം...

---



# പാത

ജനിച്ചു വീണത് ചങ്ങലകൾക്ക്
ഇടയിലേക്കായിരുന്നു,
കാലം കാത്തുവച്ച കരിമഷികുപ്പിയിൽ
ഞാൻ എന്റെ സ്വപ്നങ്ങളെ
താഴിട്ടുപൂട്ടി...
കൈ വിലങ്ങുകളുടെ കാലപ്പഴക്കം
കൈകളെ തുരുമ്പിപ്പിച്ചു.
പലരും പറഞ്ഞു കണ്ണുനീരിന്
ഉപ്പുരുചിയാണത്രേ......
എന്നാൽ ഞാനറിഞ്ഞ കണ്ണുനീരിന്
കയ്പുരുചിയായിരുന്നു....
കൈകളെ ചങ്ങലകളിൽ നിന്നും
സ്വതന്ത്രമാക്കി,ജീവിതത്തിന്റെ ചക്കര
നുണയുവാൻ ഈ പാതയിലൂടെ
കുറേ അലഞ്ഞു കിട്ടിയില്ല,
കാരണം അതേറെ അകലെയാണ്......

**ശയന.പി**
**9.A**

**ലിറ്റിൽ കൈറ്റ്സ് അംഗം**

യാത്രാവിവരണം

## കരിമ്പനയുടെ നാട്ടിൽ

മിക്ക വേനലവധിക്കും ഞാനെന്റെ അമ്മ വീട്ടിൽ പോകാറുണ്ട്. ഖസാക്കിന്റെ ഇതിഹാസകാരൻ മഹാ കഥാകാരൻ ഒ.വി വിജയന്റെ തസ്രാക്കിലെത്തിയപ്പോൾ അമ്മ കാണിച്ചു തന്നു മൈമുന(കഥാപാത്രം)കുളിച്ച കുളവും,ആ ഏക അധ്യാപക വിദ്യാലയവും. മനസിൽ കൗതുകവും അത്ഭുതവും നിറച്ച തസ്രാക്കിനെ ഞാനങ്ങ് ഒരു പാട് ഇഷ്ടപ്പെട്ടു. കാറ്റിലാടുന്ന കരിമ്പന കൂട്ടങ്ങളും കരിമ്പനപട്ടയുടെ അറ്റത്ത് ആടിയുലയുന്ന തൂക്കണാം കുരുവിയുടെ കൂടും നോക്കിനിന്ന എനിക്ക് പിന്നീടമ്മ കാണിച്ചു തന്നത് നീണ്ട് പച്ചപട്ടണിഞ്ഞു കിടക്കുന്ന നെൽ പാടങ്ങളാണ്.പുതു നഗരം എന്ന സ്ഥലത്തെത്തിയപ്പോൾ അവിടത്തെ മധുരമൂറുന്ന ഹൽവ്വയെ കുറിച്ചാണ് എനിക്ക് ഓർമ്മ വന്നത്.പിന്നീട് കരിപ്പോട് എത്തിയപ്പോൾ അരിമുറുക്ക് നിർമ്മാണത്തെക്കുറിച്ച് കൂടുതൽ അറിയാൻ പറ്റി. അമ്മ വീട്ടുക്കാരുടെ കുല തൊഴിലാണത്. കർക്കട സംക്രാന്തിക്ക് എന്റെ അമ്മമ്മ എനിക്ക് അരിമുറുക്ക് ഉണ്ടാക്കി തന്നത് അപ്പോൾ ഓർമ്മ വന്നു. പിന്നെ പല്ലശന എന്ന മനോഹരമായ ഗ്രാമത്തിലേക്ക്....................

ഈ ഗ്രാമത്തിനെ വിവരിക്കാൻ വാക്കുകളില്ല! തിമിലയും ചെണ്ടയും ഇടക്കയും കൊമ്പും കുഴലും ആഹാ.!!!!!! വാദ്യ മേളങ്ങളുടെ നാട്. അങ്ങനെ കരിമ്പനയുടെ നാട്ടിൽ.......

പഴയകാവ് എന്ന ക്ഷേത്രത്തിലെ പായസവും ഉണ്ണിയപ്പവും എന്ത് രുചികരമാണെന്നോ?

ആയിര കണക്കിന് മത്സ്യങ്ങൾക്ക് വാസസ്ഥലമായ അവിടുത്തെ കുളം കണ്ടിരിക്കാൻ എത്ര മനോഹരമാണ്!

എന്റെ അമ്മവീട് പഴയ കാലത്തെ തറവാടു പോലെയാണ്.നടുമുറ്റവും പത്തായവും അടങ്ങിയ പ്രകൃതി സമ്പന്നമായ ഒരു തറവാട്. എനിക്കെന്റെ അമ്മവീടും അവിടത്തെ കാഴ്ച്ചകളും ഒരുപാട് ഇഷ്ടമാണ്.



**അശ്വതി.പി.വി**

(9A)

**ലിറ്റിൽ കൈറ്റ്സ് അംഗം**

# കാത്തിരിപ്പ്

ഇന്നൊരു തിരുവോണ ദിവസമാണ് മാളൂട്ടിക്ക് ഏറ്റവും സന്തോഷകരമായ ദിവസം .പക്ഷെ അവൾക്ക് കുറച്ച് സങ്കടം കൂടി കലർന്നു. കാരണം ഇന്നവളുടെ അച്ഛൻ ഗൾഫിലേക്ക് പോകുന്ന ദിവസം കൂടിയാണ്.കോട്ടും സ്യൂട്ടുമിട്ട് അച്ഛൻ പടിയിറങ്ങുന്നതിനു മുൻപ് അവളെ മടിയിലിരുത്തി സമാധാനിപ്പിച്ച്
കണ്ണീർ തുടച്ച് പറഞ്ഞു "അടുത്ത തിരുവോണ നാൾ അച്ഛൻ വരും മോൾക്ക് കുഞ്ഞുടുപ്പുകളും കളിപ്പാട്ടവുമായി ".
അങ്ങനെ പറഞ്ഞുകൊണ്ട്
അച്ഛൻ വീടിന്റെ പടിയിറങ്ങി.കുറേ നാളത്തെ കാത്തിരിപ്പിന് ശേഷം ആ തിരുവോണനാൾ എത്തി. ഊഞ്ഞാല് കെട്ടിയും മുറ്റത്തു പൂക്കളമിട്ടും അമ്മയോടൊപ്പം സദ്യയുണ്ടാക്കാൻ കൂട്ടുകൂടിയും അവൾ അച്ഛനെ കാത്തിരുന്നു.
അച്ഛനിനിയും വന്നില്ലല്ലോ . അവൾക്ക് സങ്കടവും ദേഷ്യവും ഒരുമിച്ചു വന്നു. ഉമ്മറപടിയിൽ താടിക്കു
കൈവെച്ചിരുന്ന അവളെ ഉണർത്തിക്കൊണ്ട് മുകളിൽ
ചുവപ്പു നിറമുള്ള ഒരു വലിയ
വണ്ടി . ആ വണ്ടിയുടെ പിന്നിലെ വാതിൽ തുറന്ന്
അപരിചിതരായ നാലു പേർ ഒരു
പെട്ടി വണ്ടിയിൽ നിന്ന് ഇറക്കി വച്ചു . അച്ഛനിനിയും വന്നില്ലല്ലോ , അവളിപ്പോഴും അച്ഛനു വേണ്ടിയുള്ള കാത്തി രിപ്പിലാണ്.



**അബന പി.എസ്**
**(9D)**

**(ലിറ്റിൽ കൈറ്റ്സ് അംഗം)**

# ഞാൻ കണ്ട പ്രളയം


വികസനത്തിൻ മുഖങ്ങളെല്ലാം
വിതുമ്പി നിന്നു പ്രളയത്തിൽ
ഉയരങ്ങൾ നാം പടുത്തുയർത്തി
ഉടഞ്ഞു പോയി ഉരുൾപൊട്ടി

കൂലം കുത്തി ഒഴുകി പുഴകൾ
കുത്തിയൊലിച്ചു കുടിലുകളും
കുന്തിപ്പുഴയോ കുറുമ്പു കാട്ടി
കുതിച്ചുപാഞ്ഞതി വേഗത്തിൽ

പെരുമകൾ പാടിയ പെരിയാറൊഴുകി
പേടിപ്പിച്ചൊരു കോലത്തിൽ
നീട്ടിയ കൈകൾ നന്മകൾ തന്നൊരു
നിളയൊഴുകി പുതു രോഷത്തിൽ

കാലൻ പക്ഷികൾ കൂകിവിളിച്ചു
കാലക്കേടിൻ കാലമിതാ....
ചത്തു തുലഞ്ഞു ജാതിമതത്തിൻ
ചിന്തകളെല്ലാം ഒരു നിമിഷം

പ്രകൃതി പറഞ്ഞു മർത്യാ നിന്നുടെ
വികൃതികളെല്ലാം നിർത്തിക്കോ..
നെറികേടിൻ കളി നിർത്തൂ മർത്യാ
നീല വനങ്ങൾ നിലനിർത്തൂ....



**അളഗ.പി (9D)**

**(ലിറ്റിൽ കൈറ്റ്സ് അംഗം)**

## ജീവിതമാകുന്ന പാത

പാതയെന്നാലെൻ ഓർമയിലോടിയെത്തുന്നതാ
വേദനാജനകമാം ജീവിതപാതകൾതാൻ
കല്ലിനാൽ മുള്ളിനാൽ നൊമ്പരത്തീകനൽ
വാരിവിതറിയ ജീവിതപാത
ഒത്തിരിനൊമ്പരത്തിലിത്തിരി ഭോഗങ്ങൾ
നൽകുന്ന ജീവിതപാതകൾ
തീരുമാ ജീവൻ തൻ ലോകവേർപാടിൻ
നടവഴിക്കിടയിലെ വഴിമ്പലം പോലെ
ജീവിതപാതയിൽ താങ്ങുകളുണ്ടെന്ന്
ഞാൻ മനസിലാക്കുന്നതും ആ താങ്ങിനോടൊത്ത്
വാഴുവാൻ ഞാൻ ശ്രമിപ്പതും ജീവിതമെന്നയെൻ
പാതയാൽ താൻ
ആധികൾ,വ്യാധികൾ, ഭോഗങ്ങൾ,ദു:ഖങ്ങൾ
വൃക്ഷങ്ങളെ പോലെയെൻ പാതകൾ നീളെ
നിഴലാൽ ഇരുണ്ടയെൻ ജീവിത പാത
എന്നെങ്കിലും സൂര്യനാൽ ഉദിച്ചു നിൽക്കും

**അതുല്യ.ആർ.**
**(10 സി)**

# ഉരുകുന്ന മെഴുകുതിരി

എന്റെ വീട്ടിൽ ജ്വലിച്ചു കൊണ്ടിരുന്ന
മെഴുകുതിരി....
പെട്ടന്നണഞ്ഞപ്പോൾ വീട്ടിൽ കത്താനിരുന്ന
മെഴുകുതിരി....
പതുക്കെ ഉരുകിയൊലിക്കുന്നതായി എനിക്ക് തോന്നി
ഉരുകുന്ന മെഴുകുതിരി

**ഫിദ.സി**
**8.G**

## സൗഹൃദം

പിരിക്കുന്നു ആ സൗഹൃദ ബന്ധങ്ങളെ
ആ നല്ല ഓർമ്മകളെ
ഇരുളിൻ നിലാവായ് നൊമ്പര-
ഓർമ്മകളും
കൂട്ടായ് നിറഞ്ഞ ആ സന്തോഷ
മനസുകൾ
മിഴികളിൽ തെളിയുന്ന സൗഹൃദങ്ങളെ
വേർപിരിക്കുന്ന ആ സൗഹൃദത്തെ
ശ്രുതിയായ് മീട്ടുമീ ഈ സൗഹൃദം
പള്ളിക്കൂടത്തിലെ നാൾ
തൊട്ടു പിരിയാത്ത ആ
സൗഹൃദ ബന്ധങ്ങളെ

ചിരിയും കളിയും, നൊമ്പരം
നിറഞ്ഞ ആ സൗഹൃദ ബന്ധത്തെ
ഒരുപാട് ഓർമകൾ സമ്മാനിച്ച
ആ സൗഹൃദത്തെ
പറയുമീ മായ്ക്കുമീ ദിനങ്ങളവയും
നിലനിൽക്കുമീ സൗഹൃദത്തെ
കഴിഞ്ഞുപോയ ആ ഒരുപാട്
സന്ദർഭങ്ങളെ ഓർക്കുമീ ഈ കൂട്ടു കെട്ടിലൂടെ

വേർപിരിയാത്ത ആ സൗഹൃദങ്ങളെ
വാഴ്ത്തൂ വാനോളം
വാഴ്ത്തൂ ആ ബന്ധങ്ങളെ
പിരിക്കരുത് ആ അതുല്യ
നിമിഷത്തെ ആ നൊമ്പര
സൗഹൃദത്തെ........



( ലിറ്റിൽ കൈറ്റ്സ് അംഗം)


സ്നേഹ.യു
( 9E)

# സ്വർണ്ണ ശിഖണ്ഡം

ഏതോ യാമത്തിലെൻ കാതിൽ മൂളുന്ന
ഏതോ സുവർണ്ണമാം തിങ്കൾ പോലെ
നിന്നുടെ സൗഭഗം കാണുവാനെത്തി ഞാൻ
സുന്ദര ദൃശ്യത്തിൽ സന്തോഷത്താൽ
നിൻ ആത്മസംതൃപ്ത നടനം കാണാൻ
നീ എൻ മനസ്സിൻ കുളിർമയേകി
എൻ മനതാരിലെ പൂവിരിഞ്ഞു
എന്റെ മനസ്സിൽ നീ കുടിയിരുന്നു
രാത്രിയിൽ പാറുന്ന വണ്ടാണ് നീ
എൻ മേനിയിൽ തൊടും ആനന്ദഭൂതിയിൽ
മന്ദമണഞ്ഞു വാനിലുയർന്നൊരു
സുന്ദരിയാം കൊച്ചു കൂട്ടുകാരി
ചേതോഹരമായ് വായുവിൽ നീങ്ങുന്നു
സാമ്യതകളില്ലാത്ത ദൃശ്യമായ് നീ
എൻ മുന്നിലേക്കോടിവാ കൂട്ടുകാരി
എന്നുള്ളിലുള്ള സ്നേഹത്തിൽ
കൂടിനുള്ളിലേക്കായ് വരൂ വൈകാതെ നീ



(ലിറ്റിൽ കൈറ്റ്സ് അംഗം)



## താഴിട്ട സ്വപ്നം

വിജനമീ വഴിയെന്നോ ചൊല്ലിയെല്ലാവരും
തനിയെ നടക്കരുതെന്നും
അറിയുന്നതില്ലെന്റെ മനമിന്നും അന്നും
വിജനതയ്ക്കർത്ഥമെന്തെന്ന്



മനസിന്റെ സ്വർണ്ണ തളികയിൽ ഞാൻ
ഒരു സ്വപ്നത്തെ താഴിട്ടിരിപ്പൂ
കനവിലും നിനവിലും കൂട്ടിനായ്
ഉണ്ടായതു
തുണയായായി തണലായി ഇന്നും
ഉദയത്തിൽ കത്തി
ഉദയത്തിൽ കത്തിജ്വലിക്കുന്ന സൂര്യന്റെ
തുണയുണ്ട് പകലിലെന്നാലും
വാനത്തിൽ ഇരുളിനോടൊപ്പം തെളിയുന്ന
താരകൾ കൂട്ടിൻ ഇരുട്ടിൽ

വിടരുന്ന മലരിനും നാമ്പിടുമിലകൾക്കും
സഖിയായി മാറുമെന്നും ഞാൻ
ഏകയല്ലെന്നു ഞാനറിയുന്നു സ്വതന്ത്ര-
സുഖമിന്നു നുണയുന്നു നിറയെ കൂട്ടിന്റെ സുഖമിന്നതറിയുന്നു ഞാനും.



സൗമിനി.ടീച്ചർ
(ഹിന്ദി അധ്യാപിക)

## നശിപ്പിക്കാൻ എന്തെളുപ്പം

കുറേ നാളുകൾക്കു ശേഷം രാമൻ എന്നൊരു കച്ചവടക്കാരന് രാമു എന്നൊരു മകനുണ്ടായി.രാമൻ തന്റെ മകന്റെ ആഗ്രഹങ്ങൾ നിറവേറ്റി കൊടുത്തിരുന്നു. പക്ഷേ അത് രാമുവിനെ ചീത്തയാക്കാൻ ഇടയായി.അവൻ അച്ഛൻ സമ്പാദിച്ച പണമെല്ലാം ധൂർത്തടിക്കാൻ തുടങ്ങി.

അച്ഛൻ മകനോടു പറഞ്ഞു: "മകനേ നീ പോയി പണിയെടുത്ത് സമ്പാദിച്ചു കൊണ്ടു വരണം. എന്നാലേ ഞാൻ എന്റെ സ്വത്തുക്കൾ തരുകയുള്ളൂ." അച്ഛൻ തന്റെ ഉറച്ച തീരുമാനം മകനോടു പറഞ്ഞു. മകനു സങ്കടം തോന്നി.മകൻ പോയി കഷ്ടപ്പെട്ട് കൂലിപണി ചെയ്ത് ദിവസവും അവൻ അച്ഛന് ഒരു രൂപ വീതം കൊടുക്കാൻ തുടങ്ങി. അച്ഛൻ അത് മകനറിയാതെ ആ നാണയമെല്ലാം അദ്ദേഹം കിണറ്റിലെറിഞ്ഞു. മകൻ അച്ഛനോടു പറഞ്ഞു. "ഞാൻ വണ്ടി വലിച്ചും ചാക്കു ചുമന്നും കൊണ്ടു വരുന്ന പണം അച്ഛനിങ്ങനെ നശിപ്പിക്കുകയാണെങ്കിൽ പിന്നെ ഞാൻ സമ്പാദിക്കുന്നത് എന്തിനാണ്?"രാമൻ മകനോടു പറഞ്ഞു: "മകനേ നീ അധ്വാനിച്ച് പണമുണ്ടാക്കിയപ്പോൾ നിനക്കാ പണത്തിന്റെ വില മനസിലായി."ഇത്രയും പറഞ്ഞ് അച്ഛൻ സ്വത്തെല്ലാം മകനു നൽകി.



റിൻഷ.വി



**(9E ലിറ്റിൽ കൈറ്റ്സ് അംഗം)**

## ഒരു ചെറുകടൽ

എന്നച്ഛന്റെ വിയോഗം എന്നെ
വളരെയധികം  തളർത്തിയിരുന്നു
എന്നാൽ എന്നമ്മ  അപ്പോഴേക്കു
ചാണകമെഴുകിയ നിലത്ത് ഒരു
കടൽപോലെ രൂപപ്പെട്ടിരുന്നു



ഫിദ.സി

# മരത്തിലെ മാനസം

ഒരു കൊച്ചു അരയാൽ മരത്തിന്റെ
കൊമ്പത്ത് മിന്നിത്തിളങ്ങുമാ കൊച്ചുതത്തേ...
നിൻ ചുണ്ടിൽ നിന്നും വീഴുമീ നെൻമണി-
ക്കതിരിനുമുണ്ടൊരു കഥ പറയാൻ
നെൻമണിക്കതിരിന്റെ ചുംബനം ഏൽക്കവെ
കോൾമയിർ കൊള്ളുന്നെൻ ഉള്ളമെങ്ങും.
വയലിന്റെ പച്ചപ്പിൽ ഒരു മഞ്ഞക്കിളിപോലെ
ആടിയുലയുമാ നെൻക്കതിരോലയെ
മാനസ പുത്രിയെ പോലെയെൻചാരെ
മിന്നിമായുന്ന പോലെയെന്നാരോ
എൻമിഴി രണ്ടിലുംഎഴുതിവച്ചു.
മാനസപുത്രിതൻ എൻപടി വാതിലിൽ
തട്ടിവിളിക്കയായ് ഓമലാളേ
പച്ചപ്പരപ്പിലെൻ താലോലമാടും
കൊച്ചുതത്തേ നീപറയുകില്ലയോ
പാതിരാ പുഴയിൽ മുങ്ങികുളിക്കാൻ
പോരുമോ എൻതോഴിയേ.....
ഒരു കൊച്ചു അരയാൽ മരത്തിന്റെ
കൊമ്പത്ത് മിന്നിതിളങ്ങുമാ കൊച്ചുതത്തേ....





ഗോപിക.കെ
**(9C ലിറ്റിൽ കൈറ്റ്സ് അംഗം)**

<u>മാതൃ ഭാഷ</u>

മധുവൂറും ഭാഷയിൽ
മധുരമാം മലയാളം
അമ്മിഞ്ഞ നൽകിയ
അമ്മതൻ മലയാളം
നന്മതൻ ഭാഷയെ
നെഞ്ചേറ്റി ലാളിച്ച്
തുഞ്ചത്ത് മഹാത്മ
തുയിൽ ഉണർത്തിയ
മലയാളം! മലയാളം!
സംസ്കാര സന്തുഷ്ടം
സൗഹൃദമാം മലയാളം
ഉയിർപ്പെറ്റ മലയാളം

റിൻഷ.വി



**(9E ലിറ്റിൽ കൈറ്റ്സ് അംഗം)**

# മിന്നാമിന്നി

മിന്നി മറഞ്ഞ് മിന്നി മറഞ്ഞ്
മിന്നാമിന്നി വരുന്നുണ്ടേ
കാഴ്ച്ചകൾ കണ്ട് മനം തുള്ളി
മിന്നാമിന്നി വരുന്നുണ്ടേ



മിന്നും പൊന്നിനു വെട്ടവുമായി
മിന്നാമിന്നി വരുന്നുണ്ടേ
കുട്ടികളവളെ പിടികൂടാൻ
പിറകെ പാഞ്ഞു നടപ്പാണേ
കാടും മേടും കണ്ടു രസിച്ച്
കുഞ്ഞി പെണ്ണവൾ പാറുന്നു.



**ഷിഫ.ടി**
**(9E ലിറ്റിൽ കൈറ്റ്സ് അംഗം)**

**<u>കാക്കയും കുയിലും</u>**

കാക്കയും കുയിലും രണ്ടാണേ
കണ്ടാൽ രണ്ടും കറുപ്പാണേ
ശീലം രണ്ടിനും രണ്ടാണേ
ശണ്ടയുമില്ല പിണക്കവുമില്ല
കാക്ക പെണ്ണോ പാവത്താൻ
കുയിലോ നല്ല സൂത്രക്കാരി.
കറുപ്പൊരഴകായ് കാക്കച്ചി.
കറുപ്പൊരു വരമായ് കുയിലമ്മ

യദു കൃഷ്ണൻ



(9 E ലിറ്റിൽ കൈറ്റ്സ് അംഗം)

# നിനക്കായ്

മൗനമാം മനസ്സിൽ നിന്നൊരു
ഗാനം മനതാരിൽ
പൂത്തപ്പോൾ അനന്തമാം
വീഥിയിൽ പരിചിതമാം
മിഴിയിണകൾ തിരഞ്ഞതാരെ.....
നിലാപുഷ്പം തളിരണിഞ്ഞപ്പോൾ
ആത്മാവിനാഴത്തിനുള്ളിൽ മനം
ആരെയോനോക്കി കാതോർത്തു നിൽക്കെ
ആകാശനീലിമയിൽ നറുനിലാ-
പുല്ലാങ്കുഴൽ നാദം ഓളം തുള്ളവെ
മഴനീർത്തുള്ളികൾ ഈണമിട്ട
തെന്നൽ മീട്ടി തംബുരുവിൻ-
ശ്രുതിപോൽ പാടാം ഞാനാഗാനം
നിനക്കായ് മാത്രം........



ആദിത്യ.സി



( 9C ലിറ്റിൽ കൈറ്റ്സ് അംഗം)

# പ്രകൃതിയുടെ വർണ്ണങ്ങൾ
















## പകർത്തിയത്:





വിപിൻ.സി.ജി

(HSST,CHEM)

ഇക്ബാൽ.എം.കെ.

(DRAWING TEACHER)



രാജ്യപുരസ്ക്കാർ നേടിയ കുട്ടികൾ ഗൈഡ് കാപ്റ്റനോടൊപ്പം


സകൗട്ട് യൂണിറ്റ്





ജൂനിയർ റെഡ്ക്രോസ്

# ജി.ഒ.എച്ച്.എസ്. അഭിമാനതാരങ്ങൾ
## 2018-19



അക്ഷരമുറ്റം സംസ്ഥാനതല വിജയികൾ
(നിദ ഫാത്തിമ ,മുഹമ്മദ് റയാൻ-ഇരുവരും സഹോദരി സഹോദരൻമാർ)






**മുന്ന റോഷൻ(10A)**

**സംസ്ഥാന ഫുട്ബോൾ താരം**






നുഹ.സി(8.A)

യു.എസ്.എസ് വിന്നർ



# ജി.ഒ.എച്ച്.എസിന്റെ ചിത്രകാരൻ



അഭിജിത്ത്.കെ (9C)









## ആൽബം






ഹിരോഷിമ - നാഗസാക്കി ദിനം
യുദ്ധവിരുദ്ധറാലി
സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്
G.O.H.S.S എടത്തനാട്ടുകര








ശുദ്ധീകരിച്ച
കുടിവെള്ളം


കേരള സംസ്ഥാന മൃഗ സംരക്ഷണ വകുപ്പ്
GOHS


G.O.H.S. എടത്തനാട്ടുകര
ദ്വിദിന പ്രകൃതി പഠന ക്യാമ്പ്










GOHS EDATHANATTUKARA













**സുഹൃത്തെ....**

നാം മുന്നേറുകയാണ് പരാധീനതകൾ മറികടന്ന് ശുഭാപ്തി വിശ്വാസത്തോടെ മലയോര മേഖലയായ എടത്തനാട്ടുകരയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഹൈ–ടെക് ക്ലാസ്സ് മുറികൾ നമ്മുടെ കുട്ടികൾക്കായി ഒരുക്കി കഴിഞ്ഞു . ഒരു ജനതയുടെ അശ്രാന്ത പരിശ്രമത്തിന്റെ സ്നേഹ സമ്മാനമാണിത് .കേരള സർക്കാർ പൊതു വിദ്യാഭ്യാസ സംരക്ഷണ യഞ്ജത്തിന്റെ ഭാഗമായി വിദ്യാലയത്തിന്റെ 55 ക്ലാസ്സ്മുറികളിലും ലാപ്ടോപ്പും പ്രൊജക്ടറും സ്ക്രീനും മറ്റു സൗകര്യങ്ങളും ഒരുക്കി വിജ്ഞാനം വിരൽ തുമ്പിൽ ലഭ്യമാക്കിയിരിക്കുന്നു. വിജയശതമാനം ഉയർത്തുന്നതോടൊപ്പം ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുകയാണ് ലക്ഷ്യം.അതോടൊപ്പം സർക്കാർ ഐ.ടി സ്കൂൾ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്ന കുട്ടികളുടെ ഐ.ടി വിജ്ഞാന പോഷണ പരിപാടിയാണ് ലിറ്റിൽ കൈറ്റ്സ്. ഇതിലൂടെ വിദ്യാർത്ഥികൾക്ക് അവരുടെ കഴിവും സന്നദ്ധയും പരിപോഷിപ്പിക്കാനും വിവര സാങ്കേതിക വിദ്യയിലൂടെ പാറിപ്പറന്ന്
ഉല്ലസിക്കാനും കഴിയട്ടെ...

**സ്നേഹപൂർവ്വം,**
**എഡിറ്റോറിയൽ ബോർഡ്**



# കടപ്പാട്

GOHSS ന്റെ സർവ്വതോന്മുഖമായ പുരോഗതിക്കായി സഹായ സഹകരണങ്ങൾ ചെയ്തു തന്ന കേരളസർക്കാർവ്യാപാര,വ്യവസായികൾ രക്ഷിതാക്കൾ, മറ്റ അഭ്യുദയകാംക്ഷികൾ, അധ്യാപകർ, നല്ലവരായ നാട്ടുകാർ എന്നിവർക്ക് പി.ടി.എയുടെയും ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെയും പേരിൽ നന്ദി അറിയിക്കുന്നു.തുടർന്നും നിങ്ങളുടെ എല്ലാം നിർലോഭമായ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.കൂടാതെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തയ്യാറാക്കിയ ഇ.മാഗസിനായ "പറവകളെ" പാറിപ്പറക്കാൻ സഹായിച്ച മുൻ കൈറ്റ് മാസ്റ്റർ ഇഖ്ബാൽ സാറിനും കൈറ്റ് മിസ്ട്രസ് സുനിത ടീച്ചർക്കും ,റഫീക്ക് സാറിനും ,മറ്റ് അധ്യാപകർക്കും കടപ്പാട് അറിയിക്കുന്നു.



**ലിറ്റിൽ കൈറ്റ്സ്**
ജി.ഒ. എച്ച്. എസ്.എടത്തനാട്ടുകര

# നന്ദി
# ലിറ്റിൽ കൈറ്റ്സ്

**ജി.ഒ. എച്ച്. എസ്.എടത്തനാട്ടുകര**

